# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4030 20.07.2015 - ൽ മറുപടിക്ക്**

## കാക്കതുരുത്ത് പാലം നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) അരൂർ നിയോജകമണ്ഡലത്തിലെ കാക്കതുരുത്ത് പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനായി വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എത്ര യോഗങ്ങൾ ചേർന്നു; അതുപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചോ; ഇതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ എവിടെയാണ് എന്നറിയിക്കാമോ ; | (എ), (ബി), (സി) & (ഡി) ഇതു സംബന്ധിച്ച് 01.07.2014 - ൽ ഒരു യോഗം ചേർന്നിട്ടുണ്ട്. യോഗതീരുമാനമനുസരിച്ച് പണി പുനരാരംഭിക്കുന്നതിനായി ബാലൻസ് എസ്റ്റിമേറ്റ് ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചെങ്കിലും നിലവിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനെ ബന്ധപ്പെട്ട പണിയിൽ നിന്നും ഒഴിവാക്കാത്തതിനാൽ ഇതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. നിലവിലെ കരാർ റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കി അവസാനിപ്പിക്കുന്നത് സംബന്ധിച്ച ഫയൽ ഇപ്പോൾ സർക്കാർ പരിശോധിച്ചു വരുന്നു. നിലവിലെ കരാർ അവസാനിപ്പിച്ചതിനുശേഷം പാലം നിർമ്മാണത്തിന് ആവശ്യമായ ഭൂമി സൗജന്യമായി പൊതുമരാമത്ത് വകുപ്പിന് കൈമാറിക്കിട്ടുന്ന മുറയ്ക്ക് പാലത്തിന്റെ ബാക്കി പണി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) പൊതുമരാമത്ത് വകുപ്പ് അനുകൂല നിർദ്ദേശത്തോടെ ഫയൽ ധനകാര്യ വകുപ്പിന് നൽകിയോ ; | |
| (സി) ധനകാര്യ വകുപ്പിൽ നിന്നും അനുകൂല അനുമതി നേടി എത്രയും വേഗം റീടെൻഡർ ചെയ്ത് പാലം പണി പുനരാരംഭിക്കുമോ ; | |
| (ഡി) സ്ഥലം ഉടമ ജില്ലാ കളക്ടറുടെ മുന്നിൽ സ്ഥലം വിട്ടുനൽകുവാൻ സമ്മതിച്ച സാഹചര്യത്തിൽ മറ്റു തടസ്സങ്ങൾ ഒന്നുമില്ലാത്തതിനാൽ പാലം പണി പൂർത്തീകരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ